ബോട്ടുകൾക്ക് കിളിമീൻ ചാകര

തോപ്പുംപടി: 45 ദിവസത്തെ ട്രോളിംഗ് നിരോധനം കഴിഞ്ഞ് കടലിറങ്ങിയ ബോട്ടുകൾക്ക് കിളിമീൻ ചാകര. ശനിയാഴ്ച അർദ്ധരാത്രി പോയ പഴ്സീൻ ബോട്ടുകൾക്ക് ചാളയും അയിലയും മത്സ്യബന്ധന ബോട്ടുകൾക്ക് കിളിമീനുമാണ് ലഭിച്ചത്. തിങ്കളാഴ്ച വൈപ്പിൻ, തോപ്പുംപടി ഫിഷറീസ് ഹാർബറിൽ എത്തിയ ബോട്ടുകൾക്കാണ് കിളിമീൻ ചാകര ലഭിച്ചത്.

സാധാരണ ഒരാഴ്ച കഴിഞ്ഞ് എത്താറുള്ള ബോട്ടുകൾ കിളിമീൻ ലഭിച്ചതിനെ തുടർന്ന് രണ്ട് ദിവസത്തിനകം മടങ്ങിയെത്തി. മത്സ്യം ലേലത്തിൽ വാങ്ങാൻ വ്യാപാരികളുടെ തിരക്കായിരുന്നു. ഡീസൽ വില വർദ്ധനയെ തുടർന്ന് ഒരു ബോട്ടിന് ഏഴായിരം രൂപ അധികചെലവ് വന്നതായി ബോട്ടുടമകൾ പറഞ്ഞു.

ലക്ഷകണക്കിന് രൂപയുടെ വ്യാപാരം നടന്നതായി വ്യാപാരികൾ പറഞ്ഞു. എന്നാൽ കഴിഞ്ഞ വർഷം ലഭിച്ചത്രയും മത്സ്യം ഇപ്പോഴും ലഭിച്ചിട്ടില്ലെന്നാണ് ബോട്ടുടമകൾ പറയുന്നത്. സാധാരണ ലഭിക്കാറുള്ള അരണ മീൻ, കരിക്കാടി തുടങ്ങിയവ നാമമാത്രമായേ ലഭിച്ചുള്ളൂ.

ഇന്നും നാളെയുമായി എത്തുന്ന ബാക്കി ബോട്ടുകളിൽ കൂടുതൽ കാച്ചിംഗ് ലഭിക്കാമെന്ന പ്രതീക്ഷയിലാണ് ബോട്ടുടമകൾ. ഐസിനും ഡീസലിനും വില വർദ്ധിച്ചതോടെയാണ് ബോട്ടുടമകൾ പ്രതിസന്ധിയിലായിരിക്കുന്നത്.

ചൂവന്ന ചാകര....: ട്രോളിംഗ് നിരോധനം നീങ്ങിയ ശേഷം വൈപ്പിൻ കാളമുക്ക് ഹാർബറിൽ മടങ്ങിയെത്തിയ ബോട്ടിൽ നിന്ന് കിളിമീൻ ബോക്സിൽ നിറയ്ക്കുന്നു. ഫോട്ടോ: മിൽട്ടൺ ആന്റണി.

വീട്ടമ്മയ്ക്ക് വെടിയേറ്റു; അയൽവാസി യുവാവ് അറസ്റ്റിൽ

മരട്: എയർ ഗണ്ണുപയോഗിച്ച് കാക്കയെ വെടിവച്ചപ്പോൾ ലക്ഷ്യം തെറ്റി വെടിയുണ്ട അയൽവാസിയായ സ്ത്രീയുടെ വയറ്റിൽ തറഞ്ഞ കേസിൽ തൈക്കൂടം സ്വദേശി മുണ്ടപ്പള്ളാക്കൽ ശ്രീജിത്തി (24)നെ പനങ്ങാട് പൊലീസ് അറസ്റ്റ് ചെയ്തു.

കഴിഞ്ഞ മാസം 29 ന് വീട്ടുപരിസരത്ത് നിന്ന് എയർ കാക്കയെ വെടിവച്ചപ്പോൾ അയൽവാസിയായ മായ(49)യ്ക്ക് വെടിയേറ്റെന്നാണ് കേസ്. കമ്പി കുത്തികൊണ്ടതാണെന്ന് പറഞ്ഞ് ഇവർ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. ഫലമുണ്ടാകാതെ വന്നപ്പോൾ എറണാകുളം മെഡിക്കൽ ട്രസ്റ്റിൽ ചികിത്സ തേടി. ഇവിടെ സ്കാൻ ചെയ്തപ്പോഴാണ് അകത്ത് വെടിയുണ്ടയുള്ളതായി കണ്ടെത്തിയത്. ആശുപത്രി അധികൃതർ അറിയിച്ചതിനെ തുടർന്ന് പനങ്ങാട് പൊലീസ് കേസെടുത്ത് ശ്രീജിത്തിനെ അറസ്റ്റ് ചെയ്യുകയായിരുന്നു.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ ഫെഡറേഷൻ സമ്മേളനം

കൊച്ചി: സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയ ഫെഡറേഷൻ സമ്മേളനം ഈ മാസം ഏഴിന് നെടുമ്പാശേരി സാജ് എർത്ത് റിസോർട്ടിൽ നടക്കും. കേന്ദ്രമന്ത്രി വയലാർരവി ഉദ്ഘാടനം ചെയ്യും. എ.ഐ.സി.ടി.ഇ ചെയർമാൻ ഡോ. എസ്.എസ്. മാന്ത മുഖ്യപ്രഭാഷണം നടത്തും. ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മിഷൻ അംഗം ഡോ. സിറിയക് തോമസ് പ്രഭാഷണം നടത്തും. 300 സ്വാശ്രയ സ്ഥാപനങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കുമെന്ന് ഫെഡറേഷൻ പ്രസിഡന്റ് ഡോ. ജി.പി.സി. നായർ, സെക്രട്ടറി ജനറൽ പ്രൊഫ. സി.ഐ. അബ്ദുൾ റഹ്മാൻ എന്നിവർ അറിയിച്ചു

വിക്കി ഗ്രന്ഥശാലയിൽ ഗുരുദേവന്റെ സമ്പൂർണ കൃതികൾ

ടി. കെ. സുനിൽ കുമാർ

കൊച്ചി: ഗുരുദേവ കൃതികളിലേക്ക് അകലം ഇനി ഒരു മൗസ് ക്ളിക്ക് മാത്രം! ഓൺലൈൻ വിജ്ഞാനകോശമായ വിക്കിപീഡിയയിലാണ് ശ്രീനാരായണ ഗുരുവിന്റെ എല്ലാ രചനകളും ലഭ്യമാവുക.

വിക്കിപീഡിയയുടെ സൗജന്യ ഓൺലൈൻ ഗ്രന്ഥശാലയായ വിക്കിഗ്രന്ഥശാലയിൽ ജൂലായ് 15ന് സമ്പൂർണകൃതികളും എത്തി. വിക്കിലൈബ്രറിയിലെ ഉള്ളടക്കത്താൾ ഉപയോഗിച്ച് എല്ലാ കൃതികളിലേക്കും എത്താനും വായിക്കാനും സാധിക്കും. കൃതികൾക്ക് സന്ദർശിക്കേണ്ട വിലാസം: http://ml.wikisource.org/wiki/Sri_Narayana_Guru

പരസ്പരം കണ്ടിട്ടുപോലുമില്ലാത്തവരുൾപ്പെടുന്ന നാലംഗ സംഘത്തിന്റെ മൂന്നുമാസത്തോളം നീണ്ട അശ്രാന്ത പരിശ്രമത്തിന്റെ ഫലപ്രാപ്തിയാണീ സംരംഭം. മതഗ്രന്ഥങ്ങൾ കൂടാതെ മലയാളം വിക്കി ഗ്രന്ഥശാലയിലുള്ള ഏക സമ്പൂർണ്ണ ശേഖരമാണിപ്പോൾ ഗുരുദേവകൃതികൾ.

കാർഷിക സർവകലാശാലാ ജീവനക്കാരനും കൊച്ചി സ്വദേശിയുമായ ശ്രീകുമാറിന്റെ മനസിൽ രൂപം കൊണ്ട സ്വപ്ന പദ്ധതി വിക്കിപീഡിയ എന്ന സൗജന്യ വിജ്ഞാന വിപണന സംവിധാനത്തിൽ വിഹരിക്കുന്ന പാലക്കാട് സ്വദേശി ഷിജു അലക്സ്, തൃശൂർ സ്വദേശി കെ. മനോജ്, ചെന്നൈയിലുള്ള സന്തോഷ് തോട്ടിങ്ങൽ, തച്ചന്റെ മകൻ (അജ്ഞാതനായ തൂലികാനാമധാരി) എന്നിവർ ചേർന്ന് സാക്ഷാത്കരിച്ചു. ഇതിൽ മനോജ്, തച്ചന്റെ മകൻ എന്നിവരെ മറ്റുള്ളവർ കണ്ടിട്ടുപോലുമില്ല. തച്ചന്റെ മകൻ ആരെന്നുപോലുമറിയില്ല. ബാംഗ്ളൂർ എ. ബി. ബി എന്ന ബഹുരാഷ്ട്രകമ്പനിയിൽ ജോലി ചെയ്യുന്ന ഷിജുവാണ് ഇതിന് നേതൃത്വം നൽകിയത്. തൃശൂർ വിദ്യ എൻജിനിയറിംഗ് കോളേജ് വിദ്യാർത്ഥി മനോജ് കമ്പ്യൂട്ടർ ലിഖിതങ്ങൾ വിക്കിപീഡിയയ്ക്ക് ഉപയുക്തമാകുംവിധം മാറ്റിയെടുത്തു. ജീവിതത്തിരക്കുകളിൽ നിന്ന് ദിവസവും മണിക്കൂറുകൾ മാറ്റിവച്ചാണിവർ യത്നത്തിൽ പങ്കാളികളായത്. മനസംതൃപ്തിയല്ലാതെ ഒരു ലാഭവും പ്രതീക്ഷിച്ചല്ല ഈ പ്രവൃത്തിയെന്ന് ഷിജു പറഞ്ഞു.

വിക്കി പീഡിയയിൽ ഗുരുദേവ കൃതികളുടെ പേജ്.

കഴിഞ്ഞ ഏപ്രിലിൽ കൊച്ചിയിൽ വിക്കിപീഡിയ പ്രയോജനപ്പെടുത്തുന്നവരുടെ വിക്കി സംഗമം നടന്ന വേദിയിൽ കേട്ടറിഞ്ഞെത്തിയ ശ്രീകുമാർ ഈ ആവശ്യവുമായി ഷിജു അലക്സിനെ സമീപിക്കുകയായിരുന്നു. ഗുരുദേവന്റെ സമ്പൂർണ കൃതികളുടെ ഡിജിറ്റൽ കോപ്പി വർക്കല നാരായണ ഗുരുകുലത്തിൽ നിന്ന് ശ്രീകുമാർ സംഘടിപ്പിച്ചതിനാലാണ് ബൃഹദ് സംരംഭം വളരെപ്പെട്ടെന്ന് പ്രാവർത്തികമാക്കാനായതെന്ന് ഷിജുഅലക്സ് പറഞ്ഞു.

ഫയലുകൾ വിക്കിപീഡിയയിൽ ഉപയോഗപ്പെടുത്താനാകും വിധം മാറ്റിയെടുക്കുന്നതിനാണ് ഏറെ സമയം വേണ്ടിവന്നത്. ഡിജിറ്റൽ കോപ്പി ലഭിക്കാത്ത പക്ഷം മുഴുവൻ കൃതികളും കമ്പോസ് ചെയ്ത് പ്രൂഫ് വായിച്ച് ഈ പ്രക്രിയ പൂർത്തീകരിക്കണം. കുമാരനാശാൻ, ചെറുശേരി, കുഞ്ചൻ നമ്പ്യാർ, ഉള്ളൂർ, ചങ്ങമ്പുഴ എന്നീ മഹാരഥന്മാരുടെ സമ്പൂർണ കൃതികൾ കൂടി വിക്കി ഗ്രന്ഥശാലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കുമാരനാശാന്റെയും ചങ്ങമ്പുഴയുടെയും കൃതികളിൽ പകുതിയിലധികം ലഭ്യമാക്കിക്കഴിഞ്ഞു.

ചട്ടമ്പി സ്വാമിയുടെ കൃതികളും ഉൾപ്പെടുത്തണമെന്ന് നിരവധി മെസേജുകൾ ലഭിക്കുന്നുണ്ട്. കൃതികളുടെ ഡിജിറ്റൽ കോപ്പികൾ ആർക്കെങ്കിലും ലഭ്യമാക്കാനായാൽ ലോകമെമ്പാടുമുള്ള മലയാളികൾക്ക് പ്രയോജനകരമാകുമെന്ന് ഷിജു അലക്സ് പറഞ്ഞു. ഷിജു അലക്സിന്റെ ഇമെയിൽ വിലാസം: shijualexonline@gmail.com

വിക്കിപീഡിയ

2001ൽ തുടക്കം കുറിച്ച ലാഭേച്ഛയില്ലാത്ത ഓൺലൈൻ വിജ്ഞാനകോശം. പ്രപഞ്ചത്തിലെ വിവിധവിഷയങ്ങളിലായി 15 ദശലക്ഷത്തോളം ലേഖനങ്ങൾ ഇതിൽ ലഭ്യമാണ്. മലയാളമുൾപ്പടെ അറുപതിലധികം ഭാഷകളിലും ഇവ വായിക്കാം. സ്വതന്ത്ര പകർപ്പവകാശമുള്ള കൃതികളാണ് വിക്കി ഗ്രന്ഥശാലയിൽ ഉൾപ്പെടുത്തുന്നത്.

കുട്ടിപ്പൊലീസ് ഇനി സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ്

കോഴിക്കോട്: സുവർണ ജൂബിലി സ്കൂൾ കലോത്സവത്തിൽ വിജയകരമായി പരീക്ഷിച്ച കുട്ടിപ്പൊലീസ് ഇനി സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് (എസ്.പി.സി) എന്ന പേരിൽ സംസ്ഥാനത്തെ സ്കൂളുകളിൽ രൂപീകരിക്കും. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് ടാഗോർ ഹാളിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഇന്നലെ വൈകിട്ട് നിർവഹിച്ചു.

സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ് പദ്ധതി എൻ.സി.സി, എൻ.എസ്.എസ് എന്നതു പോലെ മുമ്പുതന്നെ തുടങ്ങേണ്ടതായിരുന്നെന്ന് മുഖ്യമന്ത്രി പറഞ്ഞു. സ്റ്റുഡന്റ്സ് പൊലീസ് പരിശീലനം ലഭിക്കുന്ന കുട്ടികൾക്ക് പൊലീസ് സേനയിൽ ചേരാനുള്ള താത്പര്യം വർദ്ധിക്കും. ഇത് പൊലീസ് സേനയെ ഏറെ മെച്ചപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചടങ്ങിൽ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ അദ്ധ്യക്ഷതവഹിച്ചു. എസ്.പി.സി ഫ്ലാഗ് മുഖ്യമന്ത്രി ഡി.ജി.പി ജേക്കബ് പുന്നൂസിന് കൈമാറി. ലോഗോയുടെയും ശരൺ കാർട്ടൂൺ പുസ്തകത്തിന്റെയും പ്രകാശനം വിദ്യാഭ്യാസമന്ത്രി എം.എ. ബേബി നിർവഹിച്ചു. എസ്.പി.സി വെബ്സൈറ്റ് ഉദ്ഘാടനം മന്ത്രി കോടിയേരി നിർവഹിച്ചു.

വിവേക് ഒബ്റോയിക്ക് ബാംഗ്ളൂരിൽനിന്ന് വധു

ബാംഗ്ളൂർ: ബോളിവുഡ് താരം വിവേക് ഒബ്റോയിക്ക് ബാംഗ്ളൂരിൽ നിന്ന് വിവാഹം. പ്രശസ്ത ജനതാദൾ നേതാവും മുൻ മന്ത്രിയുമായ ജീവരാജ് ആൽവയുടെയും സാമൂഹ്യപ്രവർത്തകയും നർത്തകിയും " ബാംഗ്ളൂർ ഹബ്ബു" യുടെ സംഘാടകയുമായ നന്ദിനി ആൽവയുടെയും മകൾ പ്രിയങ്ക ആൽവയാണ് വധു.

വിവേക് ഒബ്റോയിയും പ്രതിശ്രുത വധു പ്രിയങ്ക അൽവയും

ബോളിവുഡ് പതിവുകൾ തെറ്റിച്ച് മാതാപിതാക്കൾ ആലോചിച്ചുറപ്പിച്ച "അറേഞ്ച്ഡ് മാര്യേജാ"ണിത്. നന്ദിനി ആൽവയുടെ സുഹൃത്തും ഭരതനാട്യം നർത്തകിയുമായ പത്മിനിരവിയാണ് വിവേകിന്റെ അമ്മയുമായി ആലോചിച്ച് വിവാഹത്തിന് വേദിയൊരുക്കിയത്.

"അമ്മ ചെന്നൈക്കാരിയാണ്. ഇഷ്ടപ്പെട്ട പെൺകുട്ടിയെ ദക്ഷിണേന്ത്യയിൽ നിന്ന് കണ്ടെത്താനാകുമെന്നാണ് കരുതിയത്" വിവേക്പറഞ്ഞു.



Vol 15 Issue No.212 (R.No.KL/TV(N) 72/2009-11) Printed & Published by M.S.Ravi from Chandrika Buildings, MG Road, Kochi, 682011 on behalf of Kerala Kaumudi [Pvt.] Ltd., and Printed at S.T.Reddiar & Sons(ekm), Veekshanam Road, Kochi - 682 035. Phone: 0484-2367042, 2367228, 3941050, Fax: 3075050. e-mail: kochidesk@gmail.com, Editor: M.S. Madhusoodanan, Managing Editor : Deepu Ravi (Responsible for selection of news under the PRB Act.) Editor-in-Chief: M.S.Mani